പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2004 01.02.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. കണ്ടക്ടർ തസ്തികയിലെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ബാബു | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. കണ്ടക്ടർ തസ്തികയിൽ നിയമന ശിപാർശ ലഭിച്ച നിരവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിച്ചിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എത്ര ഉദ്യോഗാർത്ഥികളാണ് ഇത്തരത്തിലുള്ളതെന്നും ഇവർക്ക് നിയമന ശിപാർശ ലഭിച്ചിട്ട് എത്ര കാലമായെന്നും വിശദമാക്കുമോ; | (ബി) | KLRV(2)/2240/2010 തീയതി 31.12.2016 പ്രകാരം 4051 ഉദ്യോഗാർത്ഥികൾക്കാണ് പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടുള്ളത്. അത് പ്രകാരം നിയമന ശുപാർശ ലഭിച്ചിട്ട് ഒരു വർഷമായി. |
| (സി) | പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | കെ.എസ്.ആർ.ടി.സി വൻ സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. വരവും ചെലവും തമ്മിൽ ശരാശരി 183 കോടിയുടെ അന്തരം ഉണ്ട്. ജീവനക്കാർക്ക് ശമ്പളവും വിരമിച്ച ജീവനക്കാർക്ക് പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ നൽകാൻ പറ്റാത്ത സാമ്പത്തിക ബുദ്ധിമുട്ടിലാണ് കോർപ്പറേഷൻ. 2 മാസത്തെ പെൻഷൻ ഭാഗികവും 2 മാസത്തെ പെൻഷൻ പൂർണ്ണമായും കുടിശ്ശികയാണ്. കോർപ്പറേഷന്റെ സമഗ്രപുനരുദ്ധാരണം മുന്നിൽകണ്ട് കേരള സർക്കാർ കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിന് വേണ്ടി കോർപ്പറേഷനെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പ്രൊഫ. സുശീൽ |

| | | | |
|---|---|---|---|
| | | | ഖന്നയെ നിയോഗിച്ചിട്ടുണ്ട്. ടി ഇടക്കാല റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുള്ള പ്രധാനപ്പെട്ട വസ്തുത ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ ബസ് ജീവനക്കാരുടെ അനുപാതവുമായി താരതമ്യം ചെയ്യുമ്പോൾ കോർപ്പറേഷനിൽ ടി അനുപാതം വളരെ കൂടുതലാണ്. ഇത് ദേശീയ ശരാശരിയിലേക്ക് എത്തിച്ചാൽ മാത്രമെ കെ.എസ്.ആർ.ടി.സിയുടെ സാന്നിദ്ധ്യവും നിലനിൽപ്പും ഉറപ്പ് വരുത്താൻ സാധിക്കുകയുള്ളൂ. ദേശീയ അനുപാതം വിലയിരുത്തുമ്പോൾ കണ്ടക്ടർ, ഡ്രൈവറടക്കം എല്ലാ വിഭാഗത്തിലും ജീവനക്കാരുടെ എണ്ണം അധികമാണ്. ആയതിനാൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് വിധേയമായി മാത്രമെ നിലവിൽ പുതിയ ജീവനക്കാരെ നിയോഗിക്കാൻ കോർപ്പറേഷന് നിർവ്വാഹമുള്ളൂ. |
| (ഡി) | കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർ നിയമന ശിപാർശ ലഭിച്ച മുഴുവൻ ഉദ്യോഗാർത്ഥികൾക്കും അടിയന്തരമായി നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പ്രൊഫ.സുശീൽ ഖന്ന കമ്മീഷന്റെ പുനരുദ്ധാരണ നടപടികൾ നടന്നു കൊണ്ടിരിക്കുന്നതിനാൽ ആയത് പൂർത്തീകരിച്ച് ഒഴിവുകൾക്ക് സാധ്യതയുണ്ടെങ്കിൽ നിയമന നടപടികളുമായി കോർപ്പറേഷൻ മുന്നോട്ട് പോകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**